"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.52/ഇപിഎ1/2021/തസ്വഭവ

തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

തിരുവനന്തപുരം,
തീയതി: 01/12/2021

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം - ജില്ലാ പഞ്ചായത്തുകളിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ നികത്തുന്നത്-പുതുക്കിയ സർക്കുലർ-സംബന്ധിച്ച്.

സൂചന:- സർക്കുലർ നം.52/ഇപിഎ1/2021/തസ്വഭവ നമ്പർ സർക്കുലർ

************************

പരാമർശ സർക്കുലർ പ്രകാരം ജില്ലാ പഞ്ചായത്തുകളിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ നിയമനത്തിന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നികത്തുന്നതിന് അപേക്ഷകൾ സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. എന്നാൽ പ്രസ്തുത സർക്കുലറിൽ ഗ്രേഡിനെപ്പറ്റിയോ സ്കെയിലിനെപ്പറ്റിയോ പരാമർശിച്ചിട്ടില്ലാത്തതിനാൽ ഉയർന്ന ശമ്പള സ്കെയിൽ ഉള്ള നിരവധി അപേക്ഷകൾ ലഭ്യമാകുന്നുണ്ട്. മേൽ സാഹചര്യത്തിൽ നിലവിൽ ഒഴിവുകൾ ഉള്ള തിരുവനന്തപുരം, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ, കാസറഗോഡ്, എന്നീ ജില്ലാ പഞ്ചായത്തുകളിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ ഗ്രേഡ് I I ഒഴിവുകൾ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നികത്തുന്നതിന് സമാന തസ്തികയിലും സമാന ശമ്പള സ്കെയിലിലും ഉള്ളവരിൽ നിന്ന് അപേക്ഷകൾ സ്വീകരിക്കുന്നതിനായി നടപടി സ്വീകരിക്കേണ്ടതും വ്യക്തമായ ശുപാർശയോട് കൂടി പ്രൊപ്പോസൽ ഈ വകുപ്പിൽ ലഭ്യമാക്കേണ്ടതുമാണ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ വകുപ്പ് തലവൻമാർക്കും

പൊതു ഭരണ(സർവീസസ് ഇ) വകുപ്പ്.

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ്(വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.(ഇപിഎ1/52/2021/തസ്വഭവ നമ്പർ ഫയൽ)